**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2199 05.12.2018-ൽ മറുപടിയ്ക്ക്

**പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി.എസ്. ജയലാൽ** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകളാണ് ആരംഭിക്കുന്നത് എന്നും വിശദമാക്കാമോ; | (എ) | കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണസജ്ജമാക്കാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും ഇനി അവശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) & (സി) | കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ കാത്ത് ലാബിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. കാർഡിയോളജി വിഭാഗത്തിലേക്ക് ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ പരിശോധിച്ചു വരുന്നു. ഇക്കാര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കാർഡിയോളജി വിഭാഗം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാവുന്നതാണ്. |
| (സി) | എല്ലാ സൗകര്യങ്ങളുമൊരുക്കി കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണമായി ആരംഭിക്കാൻ ഉടൻ കഴിയുമോ എന്നും തടസ്സങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുകയും ചെയ്യാമോ; | | |

സെക്ഷൻ ഓഫീസർ